**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - ചെറിയവെളിനല്ലൂർ കെ.പി.എം.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.ടി. (മലയാളം) ശ്രീമതി.സേതുലക്ഷ്മി 2015-16 വർഷത്തെ തസ്തിക നിർണ്ണയത്തിൽ തസ്തിക നഷ്ടപ്പെട്ടതിനെ തുടർന്ന് പുറത്ത് നിന്ന കാലയളവിലെ ക്രമീകരിക്കപ്പെടാത്ത 1.10.2016, 02.10.2016 എന്നീ ദിവസങ്ങൾ ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1894/2024/GEDN തീയതി, തിരുവനന്തപുരം, 06-03-2024**

പരാമർശം:-
1. ചെറിയവെളിനല്ലൂർ കെ.പി.എം.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.ടി. (മലയാളം) ശ്രീമതി.സേതുലക്ഷ്മിയുടെ 06.11.2023-ലെ അപേക്ഷ
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 24.01.2024-ലെ ഇ.റ്റി1/21369/2023/ഡിജിഇ നമ്പർ കത്ത്

**ഉത്തരവ്**

ചെറിയവെളിനല്ലൂർ കെ.പി.എം.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.ടി. (മലയാളം) ശ്രീമതി.സേതുലക്ഷ്മിക്ക് സ.ഉ.(പി)നം.29/2016/പൊവിവ പ്രകാരം തസ്തികനിർണയം നടത്തിയപ്പോൾ, 15.07.2016 മുതൽ തസ്തിക നഷ്ടപ്പെടുകയും, 03.10.2016 മുതൽ പുനർവിന്യസിക്കപ്പെടുകയും ചെയ്തു. 15.07.2016 മുതൽ 30.09.2016 വരെ ടിയാരിക്ക് അർഹതപ്പെട്ട അവധി പ്രധാനാധ്യാപകൻ അനുവദിച്ച് പ്രസ്തുത കാലയളവ് 15.07.2016 മുതൽ 05.08.2016 വരെ പരിവർത്തിതാവധിയായും 06.08.2016 മുതൽ 30.09.2016 വരെ അർദ്ധവേതനാവധിയായും പുന:ക്രമീകരിച്ചു. എന്നാൽ 01.10.2016, 02.10.2016 എന്നീ ദിവസങ്ങൾ പൊതു അവധിയായതിനാൽ ടിയാരി 03.10.2016-ന് മാത്രമാണ് പുനർവിന്യസിക്കപ്പെട്ട് ജോലിയിൽ തിരികെ പ്രവേശിച്ചത്. അതിനാൽ അനുവദിക്കപ്പെട്ട അവധി 20.06.2022-ലെ സ.ഉ.(പി)നം.7/2022/പൊവിവ പ്രകാരം ക്രമീകരിച്ച് നല്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ തുടർ നടപടികൾക്കായി ലഭ്യമാക്കിയിരുന്നു.

**2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01.09.2016-ലെ എച്ച്2/35985/2016 നമ്പർ കത്ത് പ്രകാരം സംരക്ഷിത അദ്ധ്യാപകർ തസ്തിക നഷ്ടമായി പുറത്തു നിന്ന തീയതി മുതൽ പുനർവിന്യാസം ലഭിച്ച് തിരികെ ജോലിയിൽ പ്രവേശിച്ചതിന്റെ തലേദിവസം വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധി/ശൂന്യവേതനാവധിയായി ക്രമീകരണം നടത്താൻ പ്രഥമാധ്യാപകരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ തസ്തിക നഷ്ടപ്പെട്ട് പുറത്തു നിൽക്കുന്ന കാലയളവ് ക്രമീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കി പുറപ്പെടുവിച്ച

20.06.202-ലെ സ.ഉ.(അച്ചടി)നം.7/2022/പൊവിവ ഖണ്ഡിക 3(ii) പ്രകാരം '*ii ഈ ഉത്തരവ് തീയതി വരെ തസ്തികയില്ലാതെ പുറത്ത് നിന്ന കാലയളവ് അർഹതപ്പെട്ട അവധി/ ശൂന്യവേതനാവധിയായി ക്രമീകരിച്ച കഴിഞ്ഞ കേസുകൾ പുന: പരിശോധിക്കേണ്ടതില്ല.*' എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

**3)** ശ്രീമതി.സേതുലക്ഷ്മി തസ്തികയില്ലാതെ പുറത്തു നിന്ന 15.07.2016 മുതൽ 30.09.2016 വരെ അർഹതപ്പെട്ട അവധി അനുവദിച്ച് പ്രസ്തുത കാലയളവ് പ്രധാനാധ്യാപകൻ പുന:ക്രമീകരിച്ചിട്ടുണ്ട്. അതിനാൽ 01.10.2016, 02.10.2016 എന്നീ ദിവസങ്ങൾ മാത്രമേ ക്രമീകരിക്കേണ്ടതായുള്ളു.

**4)** മേൽ സാഹചര്യത്തിൽ, ചെറിയവെളിനല്ലൂർ കെ.പി.എം.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.ടി.(മലയാളം) ആയ ശ്രീമതി.സേതുലക്ഷ്മി ആർ.നെ 2015-16 വർഷത്തെ തസ്തിക നിർണ്ണയത്തിൽ തസ്തിക നഷ്ടപ്പെട്ടതിനെ തുടർന്ന് പുറത്തു നിന്ന 15.07.2016 മുതൽ പുനർവിന്യസിക്കപ്പെട്ട 03.10.2016 വരെയുള്ള കാലയളവിലെ, ക്രമീകരിക്കപ്പെടാത്ത 01.10.2016, 02.10.2016 എന്നീ ദിവസങ്ങൾ 20.06.2022-ലെ സ.ഉ.(അച്ചടി)നം.07/2022/പൊ.വി.വ പ്രകാരം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം (supdtet.dge@kerala.gov.in)
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
പ്രധാനാധ്യാപകൻ, കെ.പി.എം.എച്ച്.എസ്.എസ്., ചെറിയവെളിനല്ലൂർ
ശ്രീമതി.സേതുലക്ഷ്മി ആർ., എച്ച്.എസ്.ടി.(മലയാളം), “
വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂമീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 06-03-2024 14:26:20
സെക്ഷൻ ഓഫീസർ